**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **31-01-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസഹായം നിർത്തലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകിവരുന്ന ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് കേന്ദ്ര സഹായം ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | **പട്ടികജാതി വിഭാഗം**<br><br>1) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>2) 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>3) ആരോഗ്യഹാനിക്ക് ഇടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി<br><br>4) PM AJAY പദ്ധതി<br><br>5) അതിക്രമം തടയൽ പദ്ധതി, മിശ്രവിവാഹ ധനസഹായ പദ്ധതി<br><br>6) SCST കോർപ്പറേഷനുള്ള ധനസഹായം<br><br>**പട്ടികവർഗ്ഗ വിഭാഗം**<br><br>1.അതിക്രമം തടയൽ നിയമം 1989 പ്രകാരമുള്ള നടപടി ക്രമങ്ങളുടെ ഭാഗമായുള്ള ധനസഹായം അനുവദിക്കൽ<br><br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br><br>3. പ്രീമെട്രിക് സ്കോളർഷിപ്പ് - കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കുറവുള്ളതും 9,10 ക്ലാസുകളിൽ പഠിക്കുന്നതുമായ വിദ്യാർഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകിവരുന്നു<br><br>4. ആർട്ടിക്കിൾ 275 (1) - ഗ്രാൻറ് ഇൻ എയ്ഡ് പ്രകാരമുള്ള വികസന പദ്ധതികൾ (നൂറ് ശതമാനം വിഹിതം ) |

| | | | |
|---|---|---|---|
| | | | 5. കൺസർവേഷൻ കം ഡവലപ്മെന്റ് - പ്രത്യേക ദുർബലഗോത്രവിഭാഗങ്ങൾക്കുള്ള വികസന പദ്ധതി (2023-24 വർഷം മുതൽ PM -JANMAN പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്)<br><br>6. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം<br><br>7. പി.എം.എ.എ.ജി.വൈ (പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര സഹായം) |
| (ബി) | പ്രസ്തുത കേന്ദ്ര സഹായത്തിൽ എന്തൊക്കെ കുറവുകളും നിർത്തലാക്കലുകളുമാണ് 2021-ന് ശേഷം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | **പട്ടികജാതി വിഭാഗം**<br><br>100% കേന്ദ്രാവിഷ്കൃത പദ്ധതി എന്നറിയപ്പെട്ടിരുന്ന പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ 40% സംസ്ഥാന വിഹിതം, 60% കേന്ദ്ര വിഹിതം എന്ന രീതിയിൽ പുനക്രമീകരിച്ചിട്ടുണ്ട്.<br><br>2021-22,2022-23എന്നീ വർഷങ്ങളിൽ PM- AJAY പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് പ്രോപ്പോസൽ കേന്ദ്രത്തിന് നൽകിയിരുന്നെങ്കിലും കേന്ദ്ര സഹായം ലഭിച്ചിരുന്നില്ല. എന്നാൽ നടപ്പുവർഷം കേന്ദ്ര സഹായത്തിന്റെ ആദ്യഗഡുവായി 2,82,80,399/- രൂപ സംസ്ഥാനത്തിന് കേന്ദ്രം നൽകിയിട്ടുണ്ട്.<br><br>**പട്ടികവർഗ്ഗ വിഭാഗം**<br><br>2022-2023, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിനായി 1034.1785 ലക്ഷം രൂപയുടെ പ്രൊപ്പോസലും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിനായി 12,641.35 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളും കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചുവെങ്കിലും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേകകേന്ദ്ര സഹായ പദ്ധതി പി.എം.എ.എ.ജി.വൈ എന്ന് പുനർനാമകരണം ചെയ്തതിന്റെ ഫലമായി പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശത്ത് മാത്രമേ ധനസഹായം ലഭിക്കുന്നുള്ളൂ. |
| (സി) | ഇത്തരം വെട്ടിക്കുറയ്ക്കൽ കാരണം സഹായ വിതരണം തടസ്സപ്പെടുന്ന സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (സി) | **പട്ടികജാതി വിഭാഗം**<br><br>പുനക്രമീകരണം കാരണം സഹായ വിതരണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല.<br><br>**പട്ടികവർഗ്ഗ വിഭാഗം** |

| | | | |
|---|---|---|---|
| | | | കേന്ദ്ര ധനസഹായം ലഭിക്കാത്ത സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രപദ്ധതികളുടെ അവലോകന യോഗങ്ങളിലും ടി വിഷയം അറിയിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കാത്തതുകൊണ്ടുമാത്രം ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാതെ വന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | (ഡി) | **<u>പട്ടികവർഗ്ഗ വിഭാഗം</u>**<br>കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കാത്തതുകൊണ്ടു മാത്രം ആനുകൂല്യങ്ങൾ നല്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽ വരികയും സ്കോളർഷിപ്പ് സമയബന്ധിതമായി നൽകുന്നതിന് ബജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി സംസ്ഥാന സർക്കാർ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ